പാലത്തിന് 100 രൂപയേ വക കൊള്ളിച്ചിട്ടുള്ളു. സാധാരണഗതിയിൽ അങ്ങനെയാണു കൊള്ളിക്കുന്നത്. പണത്തിന്റെ ലഭ്യത അനുസരിച്ച് ആ പാലം പണിയുന്നതിനെ സംബന്ധിച്ചിടത്തോളം പ്രയോറിറ്റിയിൽ വേണ്ട നടപടികൾ സ്വീകരിക്കും. പഞ്ചായത്തിനെ സംബന്ധിച്ചുള്ള ഈ കാര്യത്തെപ്പറ്റി അന്വേഷിക്കാം. അന്വേഷിച്ചതിനുശേഷം ആ നടപ്പാത യുണ്ടാക്കുന്നതിന് റെയിൽവേ ബോർഡിൽനിന്നും പണം വാങ്ങിയിട്ടുണ്ട് എന്ന നിലയിലും ഡിപ്പോസിറ്റ് വർക്ക് എന്നുള്ള നിലയിലും വേഗം നടത്തുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

18. തലശ്ശേരിയിലെ പോലീസ് ക്വാർട്ടേഴ്സ് നിർമ്മാണം

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, തലശ്ശേരിയിലെ പോലീസുകാർ താമസിക്കാൻ ഇടമില്ലാതെ പീടിക തിണ്ണയിലും സ്റ്റേഷൻ വരാന്തയിലും കിടന്നുറങ്ങേണ്ട ദയനീയ അവസ്ഥയാണ് ഇന്നുള്ളത്. പോലീസ് ക്വാർട്ടേഴ്സ് നിർമ്മാണം ആരംഭിച്ചെങ്കിലും കോൺട്രാക്ടർക്ക് പണം കൊടുക്കാത്തതിന്റെ പേരിൽ അതിന്റെ പ്രവൃത്തികൾ ഉപേക്ഷിച്ചു പോയിരിക്കുകയാണ്. അവിടെ ക്വാർട്ടേഴ്സ് ഇല്ലാത്തതിന്റെ പ്രയാസം അനുഭവിക്കുന്ന പോലീസുകാർ ആ പ്രതിഷേധം പ്രകടിപ്പിക്കുന്നത് ജനങ്ങളുടെ ദേഹത്ത് ലാത്തി പ്രയോഗിച്ചുകൊണ്ടാണ്. അതുകൊണ്ട് അടിയന്തിരമായും ആ പോലീസ് ക്വാർട്ടേഴ്സിന്റെ നിർമ്മാണം പൂർത്തിയാക്കുന്നതിനുവേണ്ടിയുള്ള അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ ഗവൺമെന്റിനോട് ആവശ്യപ്പെടുകയാണ്.

ധനകാര്യവകുപ്പു മന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ): സർ, 90 യൂണിറ്റുകളുള്ള ഒരു ഫ്ളാറ്റ് ടൈപ്പ് ക്വാർട്ടേഴ്സിന്റെ പണി സത്വരം പുരോഗമിക്കുന്നുണ്ട്. 38 ലക്ഷം രൂപ ചെലവ് വരുന്ന പ്രോജക്ടാണ് ഇത്. 9-4-1984-ൽ പണി ആരംഭിച്ചു. ഇതുവരെ 20.75 ലക്ഷം രൂപയുടെ പണി നടന്നു കഴിഞ്ഞു. ഗ്രൗണ്ട് ഫ്ളോറിന്റെ പണി പൂർത്തിയായി കഴിഞ്ഞിട്ടുണ്ട്. കരാറുകാരൻ 26-5-1986 മുതൽ പണി നിറുത്തിവച്ചിരിക്കുകയാണ്. എത്രയും വേഗം പണി പുനരാരംഭിക്കും. ഈ വർഷത്തെ ബഡ്ജറ്റിൽ ഇതിനായി 4.65 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പോരാതെയുണ്ടെങ്കിൽ അത് ഗവൺമെന്റ് കൊടുക്കുന്നതാണ്.

19. കാക്കത്തുരുത്തി, ഷൺമുഖം കനാലുകളുടെ തീരത്തു താമസിക്കുന്നവർക്ക് പട്ടയം കൊടുക്കൽ

ശ്രീ. ലോനപ്പൻ നമ്പാടൻ: സർ, ഇരിഞ്ഞാലക്കുടയിൽ കാക്കത്തുരുത്തി-ഷൺമുഖം കനാലുകളിൽ അഞ്ചുകിലോമീറ്റർ നീളത്തിൽ മുപ്പതുകൊല്ലത്തിലേറെയായി മൂവായിരത്തിൽപ്പരം പാവപ്പെട്ട കുടുംബങ്ങൾ താമസിച്ചുവരികയാണ്. അതിൽ രണ്ടായിരത്തിൽ പരം ഹരിജൻ കുടുംബങ്ങളാണ്. 300 കുടുംബങ്ങൾക്ക് ഇതിനകം പട്ടയം നൽകിയിട്ടുണ്ട്. പട്ടയം ലഭിക്കാത്തതുകൊണ്ട് സർക്കാരിന്റെ യാതൊരു ആനുകൂല്യങ്ങളും അവർക്ക് ലഭിക്കുന്നില്ല. മൂവായിരത്തിൽ 300 പേർക്ക് പട്ടയം കൊടുത്ത് വിവേചനം കാണിച്ചിരിക്കുകയാണ്. എല്ലാവർക്കും അടിയന്തിരമായി പട്ടയം കൊടുക്കണം. ഷൺമുഖം കനാലിൽ മലിനജലമാണ്. അവിടെ പകർച്ചവ്യാധി പടർന്നു പിടിക്കാതിരിക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസവകുപ്പു മന്ത്രി (ശ്രീ. ടി.എം. ജേക്കബ്): സർ, അദ്ദേഹം മൂവായിരം കുടുംബങ്ങൾ എന്നാണ് പറഞ്ഞത്. പക്ഷേ 50 കുടുംബങ്ങളാണ് ഷൺമുഖം കനാൽ എൻക്രോച്ച് ചെയ്തിരിക്കുന്നത്, നമ്പരിൽ വളരെ വ്യത്യാസമുണ്ട്. ഈ കനാൽ നാവിഗേഷൻ കനാലായിട്ടാണ് അറിയപ്പെടുന്നത്. അത് ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്നതാണ്. അവിടെ എൻക്രോച്ചു ചെയ്തിരിക്കുന്ന ആളുകൾക്ക് ഈ സ്ഥലം പതിച്ചുകൊടുക്കാൻ കഴിയുമോയെന്ന കാര്യം ഇറിഗേഷൻ ഡിപ്പാർട്ടുമെന്റുമായി ആലോചിച്ചുകഴിഞ്ഞതിനുശേഷമേ നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളു. ഈ കനാൽ നാവിഗേഷൻ പർപ്പസിനുവേണ്ടി ഉപയോഗിക്കാൻ കഴിയുമെന്നാണ് ഇറിഗേഷൻ ഡിപ്പാർട്ടുമെന്റ് കരുതുന്നത്. എന്തായാലും ജില്ലാകളക്ടറോട്, അനധികൃതമായി കയ്യേറിയ ആളുകളെ ഒഴിപ്പിക്കേണ്ട എന്ന നിർദ്ദേശം കൊടുത്തിട്ടുണ്ട്.

വിദ്യുച്ഛക്തി വകുപ്പു മന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള): സർ, ശ്രീ. എം. കെ. കേശവൻ പറഞ്ഞ ബ്രിഡ്ജിന്റെ കാര്യത്തിൽ ചെറിയ ഒരു പിശകു പറ്റി. അദ്ദേഹം പറഞ്ഞ ബ്രിഡ്ജിൽ പഞ്ചായത്തിന്റെ കാര്യം പറഞ്ഞത് ശരിയാണ്. നമ്മൾ ഭരണാനുമതി കൊടുത്തിട്ടുണ്ട്. പക്ഷേ പണം അടച്ചിട്ടുള്ളതായി ഗവൺമെന്റിനെ ചീഫ് എഞ്ചിനീയർ അറിയിച്ചിട്ടില്ല, എട്ടുലക്ഷം രൂപ അടയ്ക്കാനുള്ള ഭരണാനുമതി കഴിഞ്ഞ രണ്ടുമാസത്തിനുമുമ്പ് ഗവൺമെന്റ് നൽകിയിട്ടുണ്ട്. പണം അടച്ചതായി ഗവൺമെന്റിനെ വിവരം അറിയിച്ചിട്ടില്ല.

20. കൂമ്പൻ പാറയിലെ മലയിടിച്ചിലിൽ വീടു നഷ്ടപ്പെട്ടവർക്ക് സഹായം

ശ്രീ. ജി. വരദൻ: സാർ, കൂമ്പൻപാറയിൽ മല ഇടിഞ്ഞു ഒരു വരുടത്തിനു മുൻപു നടന്ന സംഭവം. അപ്പോഴുതു നമതു മുതലമെച്ചർ അവർകളും വരുവായ്ത് തുറൈ അമൈച്ചർ അവർളുമേ അക്ത നഷ്ടം ഏറ്റപട്ട തൊഴിലാളികളുക്കു പൂമി കൊടുക്കലാം, വീടു വൈത്തു കൊടുത്തകലാം എന്റു സൊന്നീർകൾ. ആണൽ ഇതുവറൈയിലും ഒന്റും കൊടുക്കവില്ലൈ. എനവേ തയവു കചയ്തു നമതു വരുവായ്ത്തുറൈ അമൈച്ചർ അവർകൾ ഒരു കുറിപ്പിട്ട കാലത്തിറ്കുൾ അവർകളുക്കു തേവൈയാൻ ഉതവികൾ ചെയ്തു കൊടുക്ക വേണ്ടുമെന്റു കേട്ടുക്കൊൾകിറേൻ.

വിദ്യാഭ്യാസ വകുപ്പു മന്ത്രി (ശ്രീ. ടി.എം. ജേക്കബ്): സർ, 26-6-1985-ൽ കൂമ്പൻപാറയിലുണ്ടായ മലയിടിച്ചിലിനെ തുടർന്ന് രണ്ടു വീടുകൾ പൂർണ്ണമായി നശിച്ചുപോയിട്ടുണ്ട്. ഈ കുടുംബവുമായി ബന്ധപ്പെട്ടിരുന്ന പത്താളുകൾ മരിക്കുകയും ചെയ്തിട്ടുണ്ട്. ആ രണ്ടു കുടുംബങ്ങൾക്കുവേണ്ടി അടിമാലിയിൽ അധികമുള്ള മിച്ചഭൂമി ഗവൺമെന്റ് അലോട്ടുചെയ്തു കൊടുത്തിട്ടുണ്ട്. അതുപോലെ തന്നെ ഈ കുടുംബങ്ങൾക്ക് അന്നുതന്നെ ഗവൺമെന്റിൽ നിന്ന് സാമ്പത്തിക സഹായം നൽകുകയും ചെയ്തിരുന്നു. ഇവരെ മാറിപ്പാർപ്പിക്കാൻവേണ്ടി

LIBRARY ARCHIVES Kerala Legislative Assembly